Circular No.1/Gen/2023

# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com

## വിജ്ഞാപനം

സ്നേഹിതരേ,

നമ്മുടെ സൺഡേസ്കൂളിന്റെ 2023 ലെ പുതുവർഷ ക്ലാസ്സുകൾ ജനുവരി 8 ഞായറാഴ്ച ആരംഭിക്കുകയാണല്ലോ. ഓരോ യൂണിറ്റിലും അധ്യാപകയോഗംകൂടി പുതുവർഷ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു എന്നു കരുതുന്നു.

അടുത്ത വർഷത്തെ പരിപാടികളിൽ കുട്ടികളും അധ്യാപകരും നേരത്തെ അറിഞ്ഞിരിക്കേണ്ട ചില പ്രവർത്തനങ്ങൾ അറിയിക്കട്ടെ.

### ജീവകാരുണ്യദിനം

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠനം/ചികിത്സാ ആവശ്യങ്ങൾക്കായുള്ള ജീവകാരുണ്യ പദ്ധതികളുടെ (കിരൺ/തണൽ) ധനശേഖരണാർത്ഥം നടത്തുന്ന ജീവകാരുണ്യദിനം ജനുവരി 22 ഞായറാഴ്ച നടത്തുന്നതാണ്. അനേകർക്ക് പ്രയോജനപ്പെടുന്ന ഈ പദ്ധതി വിജയിപ്പിക്കുവാൻ യൂണിറ്റ് തലത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്യുമല്ലോ.

### സൺഡേസ്കൂൾ പുതിയ ക്ലാസ്സിലേക്കുള്ള പ്രവേശനം

OSSAE ഭരണഘടന 109/110 ഖണ്ഡികകളിൽ വിവരിക്കുന്ന എല്ലാ റെക്കാർഡുകളും പ്രധാന അധ്യാപകൻ/അധ്യാപിക സൂക്ഷിക്കുകയും ഇടവക വികാരി ഉൾപ്പെടെ OSSAE യുടെ ഉത്തരവാദിത്തപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

അഡ്മിഷൻ നൽകുമ്പോൾ സെക്കുലർ ക്ലാസ്സിൽ കുട്ടി പഠിക്കുന്നതിലും ഒരു ക്ലാസ് മുകളിൽ സൺഡേസ്കൂളിൽ അഡ്മിഷൻ നൽകുവാൻ ശ്രദ്ധിക്കണം. ജൂൺ മാസത്തിൽ സെക്കുലർ ക്ലാസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന കുട്ടിയെ അതേ വർഷം ജനുവരിയിൽ തന്നെ സൺഡേസ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർക്കണം. ഇതുപോലെ എല്ലാ ക്ലാസ്സുകളിലും അഡ്മിഷൻ നടത്തണം.

### സൺഡേസ്കൂൾ പ്രതിഭാ മത്സരം

സൺഡേസ്കൂൾ പ്രതിഭകളെ തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രതല മത്സരങ്ങൾ 2023 ജനുവരി 14 ശനിയാഴ്ച 10 മണിക്ക് ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടക്കും. വാഗ്മീതിലകം, സൺഡേസ്കൂൾ വിജ്ഞാനി, സൺഡേസ്കൂൾ പ്രവീൺ, ഗാനസുഗന്ധി, വേദവചനഭൂഷൻ എന്നീ പദവികൾക്കുവേണ്ടിയുള്ള മത്സരങ്ങളിൽ, സോണൽതല മത്സരങ്ങളിൽ യഥാക്രമം സീനിയർ പ്രസംഗം, സീനിയർ പൊതുവിജ്ഞാനം, ഹയർ സെക്കണ്ടറി പൊതുവിജ്ഞാനം, സീനിയർ സിംഗിൾ സോങ്, സീനിയർ വാക്യം എന്നീ മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കിട്ടിയ എല്ലാവർക്കും പങ്കെടുക്കാം. മത്സരാർത്ഥികൾ കൃത്യസമയത്ത് ദേവലോകത്ത് എത്തിച്ചേരണം. പങ്കെടുക്കുന്നവർ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഒരു Identification letter കൊണ്ടുവരേണ്ടതാണ്.

## X, XI, XII ക്ലാസ്സുകളിലെ പുനഃപരീക്ഷ

X, XI, XII ക്ലാസ്സുകളിലെ ഏതാനും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഡിസംബർ 10-ാം തീയതി നടന്ന പരീക്ഷകളിൽ പങ്കെടുക്കുവാൻ അസൗകര്യം ഉണ്ടായതായി അറിയിച്ചിരുന്നു. ഇവർക്കും പരീക്ഷ എഴുതി പരാജയപ്പെട്ട വിദ്യാർത്ഥികൾക്കും ഒരു വർഷം നഷ്ടപ്പെടാതിരിക്കുവാൻ 2023 ഫെബ്രുവരി 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഒരു പരീക്ഷ കൂടി ക്രമീകരിച്ചിട്ടുണ്ട്. ഈ പരീക്ഷ MCQ മാതൃകയിൽതന്നെ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽവച്ച് നടത്തുന്നതാണ്.

2022 പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലം 2023 ജനുവരി 5-ാം തീയതി പ്രസിദ്ധീകരിക്കും. ജനുവരി 7 മുതൽ 15 വരെ SAY പരീക്ഷയ്ക്ക് Rs. 100 ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് ജനുവരി 6 മുതൽ ossaebodhanam.org വെബ്സൈറ്റിൽ ലഭ്യമാകും. X, XII ക്ലാസ്സുകളിലെ SAY പരീക്ഷയിൽ ഗ്രേഡ് ഉണ്ടായിരിക്കുന്നതല്ല; Pass Certificate നൽകുന്നതാണ്.

## 2023 വാർഷിക പരീക്ഷ

2023 ലെ X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയും 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ മത്സരപരീക്ഷയും 2023 ഡിസംബർ 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുന്നതാണ്. ഈ പരീക്ഷകൾ MCQ മാതൃകയിൽതന്നെ ആയിരിക്കും. യൂണിറ്റ്തല പരീക്ഷയിൽ 70% ൽ കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് മത്സരപരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. X, XI, XII ക്ലാസ്സുകളിലെ രജിസ്ട്രേഷൻ ഓൺലൈനായി 2023 ഓഗസ്റ്റ് 15 ന് ആരംഭിക്കും. മത്സരപരീക്ഷയിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ 2023 ഡിസംബർ 20 നു മുമ്പ് നിർവ്വഹിക്കണം (രജിസ്ട്രേഷൻ ഫീസ് Rs. 100).

5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വാർഷിക പരീക്ഷയ്ക്ക് എഴുത്തുപരീക്ഷ ആയിരിക്കും എന്നത് പ്രത്യേകം ശ്രദ്ധിക്കുക. എന്നാൽ അതോടൊപ്പം 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലേക്ക് MCQ മാതൃകയിലുള്ള പരീക്ഷയുടെയും സാധ്യതയുണ്ട്. MCQ മാതൃകയിൽ പരീക്ഷ നടത്തുന്നതു മുഖാന്തിരം കുട്ടികൾക്ക് അഞ്ചാം ക്ലാസ്സു മുതൽ ലഭിക്കുന്ന ഉന്നത തലത്തിലുള്ള പരീക്ഷാ പരിശീലനത്തെക്കുറിച്ച് സൺഡേസ്കൂൾ പ്രവർത്തകരിൽ ഗണ്യമായ വിഭാഗം അഭിപ്രായപ്പെടുന്നതുകൊണ്ട്, ഫോൺ ഉപയോഗിച്ച് Paperless Exam MCQ രീതിയിൽ നടത്തുവാൻ മുൻഗണന നൽകുന്നവർ കേന്ദ്ര ഓഫീസിൽ അറിയിക്കുന്നതനുസരിച്ച് ക്രമീകരണം നൽകുന്നതാണ്.

1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് വാചാപരീക്ഷ (Oral Examination) ആണ് ക്രമീകരിക്കുന്നത്. അർദ്ധവാർഷിക പരീക്ഷയ്ക്കും (2023 June 25) വാർഷിക പരീക്ഷയ്ക്കും എല്ലാ ക്ലാസ്സുകളിലേക്കുമുള്ള ചോദ്യപേപ്പർ കേന്ദ്രത്തിൽനിന്നും യഥാസമയം നൽകുന്നതാണ്. **ഈ രണ്ടു രീതിയിലുള്ള പരീക്ഷകളും 2023 ഡിസംബർ 3 ഞായറാഴ്ച രാവിലെ 11.30 ന് ആരംഭിക്കുന്നതാണ്.** ഏതു പരീക്ഷകൾക്കും അംഗപരിമിതിയുള്ളവർക്ക് അവരുടെ ക്ലാസ്സിൽ താഴെ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ Scribe ആയി അനുവദിക്കാവുന്നതാണ്.

## Class XII പ്രൈവറ്റ് പരീക്ഷ

കേരളത്തിനുള്ളിൽ പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റായി പഠിക്കുന്നവർക്കുള്ള പരീക്ഷ 2023 മെയ് 21 ഞായറാഴ്ച നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2023 മാർച്ച് 11 നും 20 നും ഇടയ്ക്ക് ossaebodhanam വെബ്സൈറ്റിൽ ലഭിക്കുന്ന ലിങ്കിലൂടെ നിർവ്വഹിക്കാവുന്നതാണ്. പരീക്ഷാരീതിയും മറ്റു നിബന്ധനകളും മുൻ വർഷത്തേതുതന്നെ

ആയിരിക്കും. പ്രോജക്ടും ഓറിയന്റേഷൻ റിപ്പോർട്ടും 2023 ഏപ്രിൽ 15 നു മുമ്പ് കേന്ദ്ര ഓഫീസിൽ ഡയറക്ടർ മുഖേന എത്തിക്കണം.

## Global Sunday School (Open Book Examination)

കേരളത്തിനു വെളിയിൽനിന്നും പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റായി പരീക്ഷ എഴുതുന്ന വർക്ക് MCQ മാതൃകയിൽ 80 മാർക്കിന്റെ Open Book Examination 2023 മെയ് 21 നു നടത്തുന്നതാണ്. അവർ രണ്ട് Assignment, Project, Orientation Report (Total 20 Marks) എന്നിവ ഏപ്രിൽ 15 നു മുമ്പ് സമർപ്പിക്കുകയും അവ ക്ലാസ് ടീച്ചർ വിലയിരുത്തിയതിനു ശേഷം കേന്ദ്രത്തിലേക്ക് email മുഖേന അയക്കണം.

E-mail ID: ossaeexaminationboard@gmail.com

**Topics for Assignment:**

1. The Importance of the Holy Bible in Orthodox Worship
   ഓർത്തഡോക്സ് ആരാധനയിൽ വിശുദ്ധ വേദപുസ്തകത്തിനുള്ള പ്രാധാന്യം
2. The Theological, Biblical, and Biological significance of Infant Baptism
   ശിശുസ്നാനത്തിന്റെ വേദശാസ്ത്ര വേദപുസ്തക ജീവശാസ്ത്ര പ്രാധാന്യം

ഗ്ലോബൽ സൺഡേസ്കൂൾ പരിശീലന ക്ലാസ്സിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾ അവ രവർ പഠിച്ചിരുന്ന മാതൃഇടവകയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ മുഖാന്തിരം XI, XII ക്ലാസ്സുകളിലെ പഠനവിഷയങ്ങൾ ആസ്പദമാക്കിയുള്ള രണ്ട് Assignments, Project, Orientation Report എന്നിവ 2023 ഏപ്രിൽ 15 നു മുമ്പ് മുകളിൽ നൽകിയിരിക്കുന്ന ഇ-മെയിൽ അഡ്രസ്സിൽ കേന്ദ്ര ഓഫീസിലേക്ക് അയക്കണം.

## കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022 ലെ സൺഡേസ്കൂൾ ദിന കാണിക്ക, കവർ കളക്ഷൻ, പരീക്ഷാ ഫീസ്, ജീവകാരുണ്യ കവർ പിരിവ് എന്നിവ ഇതുവരെ കേന്ദ്ര ഓഫീസിൽ അടയ്ക്കാത്തവർ ഫെബ്രുവരി 5 നു മുമ്പ് നിർബന്ധമായും അടച്ചിരിക്കണം. OSSAE യുടെ മുൻ പതിവനുസരിച്ച് പ്രസ്തുത തുകകൾ അടയ്ക്കാത്തവർക്ക് അർദ്ധവാർഷിക, വാർഷിക ചോദ്യപേപ്പറുകൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും എന്നത് ശ്രദ്ധിക്കുമല്ലോ.

അക്കൗണ്ട് നമ്പർ: Bank: SBI Branch: Devalokam. കാണിക്ക കവർ പിരിവ്, പരീക്ഷാ ഫീസ്: A/c No. 57017053258. ജീവകാരുണ്യം: A/c No. 57017053485. സൺഡേസ്കൂൾ മാസിക: A/c No. 57017053779, IFSE: SBIN0070820 ബാങ്കിൽ തുക അടച്ചതിനു ശേഷം details കേന്ദ്ര ഓഫീസ് സെക്രട്ടറിയെ (9447094766) നിർബന്ധമായും അറിയിച്ചിരിക്കണം.

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ഓരോ പ്രവർത്തകനും ദൈവരാജ്യത്തിന്റെ സുവിശേഷപ്രവർത്തനം നിർവ്വഹിക്കുന്നു. നിറപടിയായി ഈ ദൈവിക ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

സ്നേഹപൂർവ്വം

27-12-2022
ദേവലോകം

**വർഗീസ് വർഗീസ് അച്ചൻ**
ഡയറക്ടർ ജനറൽ